<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 628 19.03.2013 ലെ മറുപടിയ്ക്ക്

<u>കെ. എസ്. എഫ്. ഇ ജീവനക്കാരനെതിരെയുള്ള അച്ചടക്ക നടപടി</u>

| | ചോദ്യം<br><br>ശ്രീ. എം.എ. ബേബി | ഉത്തരം<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | കെ.എസ്.ആർ. റൂൾസ് , കെ.എസ്.എഫ്.ഇ യ്ക്ക് ബാധകമാണോ; | ബാധകമാണ്. |
| (ബി) | കെ.എസ്.എഫ്.ഇ യെ സംബന്ധിച്ചിടത്തോളം ഒരു ജീവനക്കാരനെതിരെയുള്ള പരമാവധി സസ്പെൻഷൻ കാലയളവ് എത്രയാണ് ; | സസ്പെൻഷൻ കാലാവധി എത്രയെന്ന് നിജപ്പെടുത്തിയിട്ടില്ല. |
| (സി) | കെ.എസ്.എഫ്.ഇ യിൽ ജീവനക്കാരുടെ സമ്മതത്തോടെ രക്ത അവയവദാന ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിന് ഏതെങ്കിലും തരത്തിൽ നിരോധനമുണ്ടോ; | കെ.എസ്.എഫ്.ഇ യിൽ ജീവനക്കാരുടെ അവയവദാന ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിന് ആർക്കും അനുമതി നൽകിയിട്ടില്ല. കെ.എസ്.എഫ്.ഇ. യുടെ സ്റ്റാന്റിംഗ് ഓർഡറിലെ വ്യവസ്ഥ പ്രകാരം ഇത്തരം വിഷയങ്ങളിൽ മാനേജിംഗ് ഡയറക്ടറുടെ മുൻകൂർ അനുമതി തേടേണ്ടതുണ്ട് . |
| (ഡി) | കെ.എസ്.എഫ്.ഇ യിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട വൈ.എ.റഹിമിന്റെ പേരിലുള്ള കുറ്റമെന്താണെന്ന് വ്യക്തമാക്കുമോ ? | ശ്രീ. വൈ.എ റഹീമിന്റെ പേരിലുള്ള പ്രധാന കുറ്റങ്ങൾ താഴെ പറയുന്നവയാണ്.<br>1) ശ്രീ. വൈ.എ റഹീം കമ്പനിയുടെ അനുമതി കൂടാതെ ജീവനക്കാരുടെ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിലേക്ക് സ്ഥാപനങ്ങളിൽ നിന്ന് പണപ്പിരിവ് നടത്തുന്നതിനും പരസ്യം ക്ഷണിക്കുന്നതിനും നടപടി സ്വീകരിച്ചു. |

| | | |
|---|---|---|
| | | 2) പണപ്പിരിവ് നടത്തുന്നതിനായി കമ്പനി ലെറ്റർ ഹെഡ്ഡും ഔദ്യോഗിക സ്ഥാനമാനങ്ങളും ദുരുപയോഗം ചെയ്തു.<br>3) ശ്രീ.വൈ.എ റഹീം പ്രസിദ്ധീകരിക്കാൻ മുൻകൈയെടുത്ത കെ.എസ്.എഫ്.ഇ ജീവനക്കാരുടെ ഡയറക്ടറി കമ്പനി ജീവനക്കാരുടെ സ്വകാര്യ വിവരങ്ങൾ ഉൾപ്പെടെ അടങ്ങിയതാണ്. ഇത് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടറുടെ മുൻകൂർ അനുമതി തേടിയിരുന്നില്ല. |

എൻക്വയറി ഓഫീസർ